# സുവിശേഷനാദം

വാല്യം 10 ലക്കം 11

പത്രാധിപലേഖനം

# ദൈവത്തിന്റെ അഗ്നിജ്വാല

അവൻ കാററുകളെ തന്റെ ദൂതന്മാരും, അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു (സങ്കീ. 104: 3, എബ്രാ. 1; 7). എന്നാൽ ഇംഗ്ലീഷിൽ ഈ ഭാഗം അല്പം വ്യത്യസ്തമായിട്ടാണ് കാണുന്നത്. 'അവൻ തന്റെ ദൂതന്മാരെ കാററുപോലെയും തന്റെ ശുശ്രൂഷകന്മാരെ അഗ്നിജ്വാലകളെപ്പോലെയും ആക്കുന്നു' എന്നാണ് വായിക്കുന്നത്. He makes his angels winds (Spirit) And his servants of flrmes of fire· എബ്രാ. 1: 7 തുടർന്നു വായിക്കുമ്പോഴും, 'എന്നു ദൂതന്മാരെക്കുറിച്ചു പറയുന്നു' എന്ന പ്രയോഗം കൂടുതൽ യോജിക്കുന്നത് അഥവാ അർത്ഥവത്താകുന്നത് ഇംഗ്ലീഷ് ആശയത്തോടാണ്.

ദൈവം തന്റെ ശുശ്രൂഷയ്ക്കായി കാററിനെപ്പോലെ പ്രചണ്ഡമായും അഗ്നിയെപ്പോലെ തീഷ്ണമായും ഉപയോഗിച്ച ചരിത്രമാണ് ഏലിയാവിന്റെ ജീവിതം:

ഏലിയാവ് എന്ന വാക്കിനു 'യഹോവ (എന്റെ) ദൈവമാകുന്നു' എന്നർത്ഥം. പഴയനിയമത്തിൽ 68 പ്രാവശ്യവും പുതിയനിയമത്തിൽ 30 പ്രാവശ്യവും ഈ പേരു പ്രത്യക്ഷപ്പെടുന്നുണ്ട്. പ്രപഞ്ചസൃഷ്ടാവ് എന്ന നിലയിൽ ഏലോഹിം എന്ന പേരിൽ അറിയപ്പെട്ടിരുന്ന ദൈവം തെരഞ്ഞെടുക്കപ്പെട്ട തന്റെ ജനത്തോടുള്ള ബന്ധത്തിൽ ആണല്ലൊ 'യഹോവ' എന്നു അറിയപ്പെട്ടതു്. ആ ദൈവത്തിന്റെ വക്താവായിട്ടായിരുന്നു ഏലിയാവിന്റെ അരങ്ങേററം. കാററ് എവിടെനിന്നും വരുന്നു എവിടേക്കു പോകുന്നു എന്നു നാം അറിയാത്തതുപോലെ ഗുപ്തമായ ഒരു ചരിത്രം മാത്രമേ ഏലിയാവിനെക്കുറിച്ചു നമുക്കു ലഭിക്കുന്നുള്ളു. ഗിലെയാദിലെ തിശ്ബ്യയിൽ നിന്നുള്ള തിബ്ശ്യനായ ഏലിയാവ് എന്നു മാത്രമേ പശ്ചാത്തലചരിത്രമായി പറയുന്നുള്ളു (1രാജാ. 17: 1). ഗിലെയാദ്യർ എഫ്രയീമിന്റെയും മനശ്ശെയുടെയും മദ്ധ്യേ പലായിതന്മാർ (figitives) ആയിരുന്നു (ന്യായ. 12: 4). എന്നിരുന്നാലും ഇവർ ശക്തരായ പോരാളികളും നേതൃത്വഗുണം ഉള്ളവരും ആയിരുന്നു. ഗിലെയാദ് എന്ന വാക്കിനു 'പാറപോലുള്ളതു്' "ബലവത്തായതു്" എന്നൊക്കെ അർത്ഥം. ഗിലെയാദിലെ സുഗന്ധക്കുഴമ്പ് അക്കാലത്തു വിഖ്യാതമായിരുന്നുവല്ലൊ, ഒപ്പം വൈദ്യന്മാരും (യിരെ. 8: 22). ഇങ്ങനെയുള്ള ദേശത്തെ ഒരു ചെറിയ സ്ഥലമായിരുന്നു തിശ്ബ്യ. ഏലിയാവിന്റെ വാക്കിലും പ്രവൃത്തിയിലും ശുശ്രൂഷയിലും നാഗരീക സംസ്കാരമല്ല, മറിച്ച്, പരുക്കനും നിർഭയവും കടുകട്ടിയുമായ പർവ്വതവാസിയുടെ വാക്കുകളാണ് ബഹിർഗമിക്കപ്പെട്ടുകൊണ്ടിരുന്നതു്.

ദൈവത്തിന്റെ ജനമായ യിസ്രായേൽ യഹൂദ എന്നും യിസ്രായേൽ എന്നും രണ്ടു പരമാധികാര രാജ്യങ്ങളായി വെട്ടിമുറിക്കപ്പെട്ടു. ബി. സി. 874 മുതൽ 853 വരെ യിസ്രായേലിനെ ഭരിച്ച രാജാവായിരുന്നു ആഹാബ്. ഇവന്റെ പിതാവായ ഒമ്രി

MGM Ministries-Article Source: Suvisesha Nadam - Nov 1996, Vol. 10, No.11, Page 3-6, 12

യിസ്രായേലിനെ ഒരു രാഷ്ട്രീയ ശക്തിയായി വളർത്തി. ണ്ടു താലന്തു വെള്ളി (7,68,000 ഡോളർ) വിലയായി നല്കി ശമര്യാ മല വാങ്ങുകയും പട്ടണം പണിതു തലസ്ഥാനനഗരിയാക്കുകയും ചെയ്തു. ജനം യെരുശലേമിൽ ചെന്ന് ആരാധിച്ചാൽ അചിരേണ തന്റെ രാജ്യത്വം ക്ഷയിക്കും എന്നു ഭയന്ന യെരോബെയാം രാജാവ് ദാനിലും ബഥേലിലും നിറുത്തിയ കാളക്കുട്ടികൾ യിസ്രായേലിനു ഒരു കണിയാവുകയും ജനം പരസംഗമായി അതിന്റെ അടുക്കൽ പോവുകയും ചെയ്തു. ഒമ്രിയുടെ പുത്രന്റെ കാലത്തു സ്ഥിതി വ്യത്യാസപ്പെട്ടില്ലെന്നു മാത്രമല്ല കൂടുതൽ വഷളാവുകയും ചെയ്തു. സീദോന്യ ദേശക്കാരിയായിരുന്ന ആഹാബിന്റെ ഭാര്യ ഈസേബെൽ സ്ത്രീധനമായി യിസ്രായേൽ ദേശത്തേക്കു കൊണ്ടുവന്നതു് ബാലിനെയും അശേരയേയും ആയിരുന്നു. ഫൊയ്നീഷ്യർ പുരുഷലൈംഗികതയുടെ പ്രതീകമായി ബാലിനെയും സ്ത്രീലൈംഗികതയുടെ പ്രതീകമായി അശേരയേയും ആരാധിച്ചിരുന്നു. യിസ്രായേൽ പെയോരിൽവച്ച് ബാലിനോടു ചേർന്നപ്പോൾ പരസംഗം ചെയ്തതായി നാം വായിക്കുന്നുവല്ലൊ (സംഖ്യ. 25: 2). അശേര ഉർവ്വരതയുടെയും ഗർഭധാരണത്തിന്റെയും ദേവത ആയിരുന്നു. ഇവളുടെ പുരോഹിതന്മാർ വാസ്തവത്തിൽ പുരുഷ മൈഥുനക്കാരായിരുന്ന ആൺ വേശ്യകൾ ആയിരുന്നു. അങ്ങനെ യിസ്രായേലിലെ യുവാക്കൾ ബാലിനും യുവതികൾ അശേരയ്ക്കും മുമ്പിൽ മുട്ടുകുത്തി; ചുംബിച്ചു. എന്നാൽ ഒരു ശേഷിപ്പു വിട്ടുനിന്നു (1രാജാ. 19: 18). ആഹാബ് രാജാവായിരിക്കുമ്പോഴാണ് യെരീഹോ വീണ്ടും പണിയപ്പെട്ടതു്. യെരീഹോ അന്ന് യിസ്രായേലിന്റെ ആധിപത്യത്തിനു കീഴിൽ ആയിരുന്നു. ഇതു് ഒരു സൂചനയാണ്. രാജ്യം ഭരിക്കുന്നവൻ ദൈവത്തെ ത്യജിച്ചാൽ, ദൈവം വിലക്കിയതിനെ ജനം പുനഃസ്ഥാപിക്കും, പണിയും.

ഇങ്ങനെ യിസ്രായേൽ ധാർമ്മികമായും ആത്മികമായും തകിടംമറിഞ്ഞു വിശ്വാസത്യാഗികളായി ഓടിക്കൊണ്ടിരിക്കുമ്പോഴാണ് യഹോവ എന്റെ ദൈവം ആകുന്നുവെന്നു ഉച്ചൈസ്തരം ഘോഷിച്ചുകൊണ്ടു് ഒരുവൻ രാജാവിനെ എതിർപ്പെടുന്നതു്. സത്യദൈവത്തെ യിസ്രായേലിനു വീണ്ടും പരിചയപ്പെടുത്തുക,, ആരാധന പുനഃസ്ഥാപിക്കുക എന്നീ ദൗത്യങ്ങളായിരുന്നു ഏലിയാവിനുണ്ടായിരുന്നതു്. ഫലഭൂഷ്ടിയുടെ ദേവിക്കു തന്നെ പ്രഥമ പ്രഹരം കിട്ടി. ഞാൻ സേവിച്ചുനില്ക്കുന്ന യഹോവയാണ ഞാൻ പറഞ്ഞല്ലാതെ മഞ്ഞും മഴയും ഉണ്ടാകയില്ല' (1 രാജാ. 18: 1, 2) എന്ന ന്യായവിധിയുടെ ദൂതു് ആഹാബിനു നല്കി പ്രവാചകൻ ദൈവീക നടത്തിപ്പിൻപ്രകാരം കെരീത്തു തോട്ടിന്നരികെ ഒളിച്ചിരുന്നു. ദൈവം ആകാശത്തിന്റെ കിളിവാതിലുകളെ അടച്ചു. ഉറവകൾ വററിവരണ്ടു. കെരീത്തിൽനിന്നും പ്രവാചകൻ സരെഫാത്തിലേക്കു പോയി. അവിടെ ആത്മഹത്യയിൽനിന്നും രണ്ടു ജീവിതങ്ങൾ ദൈവീക രക്ഷയിലേക്കു വന്നു. തുടർന്നു മൂവർക്കും ഒരുപോലെ ദൈവീക കരുതൽ!

എന്നാൽ ശമര്യയിൽ ക്ഷാമം കഠിനമായിരുന്നു (1 രാജാ. 18: 2). തലസ്ഥാന നഗരിയുടെ സ്ഥിതി ഇതാണെങ്കിൽ കുഗ്രാമങ്ങളുടെ കാര്യം പറയണമോ? രാജ്യം ദാരിദ്ര്യത്തിന്റെ പിടിയിൽ ഞെരിഞ്ഞമർന്നു. എന്നിരുന്നാലും ആഹാബിനു അടങ്ങിയിരിക്കുവാൻ കഴിഞ്ഞില്ല. അവൻ ന്യായവിധി പ്രഖ്യാപിച്ച പ്രവാചകനെ തേടിയുള്ള ഓട്ടത്തിൽ അയൽ രാജ്യങ്ങളുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിച്ചു. കററവാളിയെ കൈമാറുന്ന ഉഭയകക്ഷി ബന്ധങ്ങൾ! എന്നാൽ ഏലിയാവ് യിസ്രായേലിൽതന്നെ സസുഖം പാർക്കുകയായിരുന്നു. എന്തൊരു വൈരുദ്ധ്യം.

MGM Ministries-Article Source: Suvisesha Nadam - Nov 1996, Vol. 10, No.11, Page 3-6, 12

ശമര്യയിൽ ക്ഷാമം കഠിനമായപ്പോഴാം ആഹാബ് തന്റെ കഴുതയ്ക്കു പുല്ലു തേടി യാത്രയായി. ഇതും സൂചനയാണ്. സിംഹാസനത്തിൽ ഇരിക്കുന്നവന് നശിക്കുന്ന മനുഷ്യനെക്കുറിച്ച് ചിന്തയില്ല മറിച്ച് മൃഗത്തെക്കുറിച്ചാണ്. അതെ മൃഗീയനായ ഒരു രാജാവ്!

ഈ സമയത്താണ് ഏലിയാവിനു വീണ്ടും ആഹാബിനെ കാണുവാൻ നിയോഗം ലഭിക്കുന്നത്. മൃഗത്തെ മാത്രം കരുതുന്ന രാജാവിനെ തേടി ആത്മാവിനെ കരുതുന്ന ദൈവത്തിന്റെ പ്രതിപുരുഷന്റെ പുറപ്പാടുതന്നെ. ഏലിയാവുമായുള്ള സംവാദത്തിന്റെ ഒടുവിൽ അവൻ കർമ്മേലിലേക്കു ചെല്ലുവാനും സകല യിസ്രായേലിനെയും അവിടെ കൂട്ടിവരുത്തുവാനും നിർബന്ധിതനായി. പരസ്യമായ പരീക്ഷണത്തിലൂടെ തന്നെ ദൈവീക ശക്തി തെളിയിക്കുവാൻ അവൻ തയ്യാറായി. ആകാശം അടച്ചതു് യഹോവ ആണെന്ന് ആഹാബ് പൂർണ്ണമായി അംഗീകരിച്ചിട്ടില്ലെന്നു തോന്നുന്നു. കർമ്മേലിൽവച്ച് ബാലും അശേരയും നിശ്ചലരായി, യാതൊരു മറുപടിയും ഉണ്ടായില്ല. ദൈവീക ശുഷ്ക്കാന്തിയിൽ നിറഞ്ഞുനില്ക്കുന്ന ഏലിയാവ് ആത്മപൂർണ്ണനായി നില്ക്കുന്നിടത്തോളം കാലം അന്യാഗ്നിയുടെ ഒരു സ്ഫുലിംഗം പോലും അയയ്ക്കുവാൻ ദേവന്മാർക്കു കഴിയുകയില്ല. ഏലിയാവിന്മേൽ വ്യാപരിച്ച ശക്തി ആ പ്രദേശത്തെയും അന്തരീക്ഷത്തെയും 'ഡെവിൾ ഫ്രീ സോണായി' രൂപാന്തരപ്പെടുത്തി. അങ്ങനെ അന്യാരാധനയുടെ ശക്തി പൊളിഞ്ഞു.

കർമ്മേൽ എന്ന വാക്കിന് 'ഫലഭൂയിഷ്ഠമായ ദേശം' എന്നാണ് അർത്ഥം. കർമ്മേൽ പൂന്തോട്ടങ്ങളുടെ കേന്ദ്രം ആയിരുന്നു. കർമ്മേലകുസുമം എന്ന പ്രയോഗം ഇന്നുമുണ്ടല്ലൊ. ബാൽ പൂജയ്ക്കു വേണ്ടിയിരുന്ന പുഷ്പങ്ങളും അശേരാ ദാസിമാർക്കു വേണ്ടിയിരുന്ന പരിമളലേപനങ്ങളും വശീകരണ സുഗന്ധങ്ങളും ഉല്പാദിപ്പിക്കപ്പെട്ടിരുന്നതു് കർമ്മേലിലെ പുഷ്ടിയിൽനിന്നും ആയിരുന്നു. ചുരുക്കത്തിൽ, അന്യാരാധനയുടെയും വേശ്യാവൃത്തിയുടെയും പരിമളക്കൂട്ടിനെ തകർക്കുവാനായി ദൈവം ഗിലെയാദിലെ നല്ല വൈദ്യനായ ഏലിയാവിനെ കർമ്മേൽ മുടിയിലേക്ക് അയച്ചു. വ്യവസ്ഥാപിതമായ ആരാധനയിലൂടെ ഏലിയാവ് കർമ്മേലിൽ ദൈവത്തിന്റെ കൊടി നാട്ടുകയും യഥാർത്ഥ ദൈവം യഹോവ ആകുന്നുവെന്നു അഗ്നിമയമായ ശുശ്രൂഷയിലൂടെ യിസ്രായേലിനു വെളിപ്പെടുത്തുകയും ദേവ പുരോഹിതന്മാരെ കൊല്ലിക്കുകയും ചെയ്തു. തുടർന്നു പ്രാർത്ഥിക്കുവാനായി പോയ ഏലിയാവിനായി മെഡിറ്ററേനിയൻ കടലിൽനിന്നും മനുഷ്യന്റെ കൈപോലെ ഒരു മേഘപാളി ഉയർന്നുവന്നു. കെരീത്തിലെ ഒന്നുമില്ലായ്മയിലും, സരേഫാത്തിലെ അല്പത്തിലും അതിശയകരമായി പുലർത്തപ്പെട്ട ഏലിയാവിനായി ദൈവത്താൽ ഉയർന്നുവന്ന കൈ പോലത്തെ മേഘം; യിസ്രായേൽ രാജ്യത്തെ സകലവിധ ട്രാഫിക് സിസ്റ്റത്തെയും താറുമാറാക്കുവാൻ പ്രാപ്തമായ പേമാരിയായി പെയ്യിക്കുവാൻ പര്യാപ്തമല്ലെന്നോ? അവർ നിന്നോടു പാപം .... .... .... .... .... മഴ പെയ്യിക്കുകയും ചെയ്യേണമേ (1 രാജ. 8: 35, 36). ദൈവീക പ്രമാണത്തിന്റെ നിവൃത്തി!

ഭക്ഷണം കഴിപ്പാൽ പോയ ആഹാബ് ഏലിയാവിനെ ക്ഷണിച്ചില്ല. മഴ പെയ്യുമ്പോഴാം രഥം പൂട്ടി സ്വാർത്ഥനായ ആഹാബ് തനിനെ യിസ്രായേലിലേക്ക് (Jezreel) ഓടിപ്പോയി. അവന്റെ രഥത്തിന്റെ ചവിട്ടുപടിയിലെങ്കിലും കയറി നില്ക്കുവാൻ ആഹാബ് ഏലിയാവിനെ ക്ഷണിച്ചില്ല. യിസ്രായേൽ രാജ്യത്തിന്റെ തലസ്ഥാനം ശമര്യ ആയിരുന്നുവെങ്കിലും ആഹാബിന്റെ കാലത്തു് അതു് ജെസ്റീൽ എന്ന സ്ഥലത്തേക്കു മാററി. 'ദൈവം ചിതറിക്കും' എന്നാണ് ഈ വാക്കിന്റെ അർത്ഥം. മലയാളം ബൈബിളിൽ 'ജെസ്റീൽ' എന്ന വാക്ക് യിസ്രായേൽ എന്നു തന്നെയാണ് തർജ്ജമ ചെയ്തിരിക്കുന്നത് (ഹോശെ. 1: 4; 2 രാജ. 9: 30 ഒത്തുനോക്കുക). ശമര്യയിൽ നിന്നും

35 കി. മീ. വടക്കു കിഴക്കായും കർമ്മേലിൽനിന്നും 40 കി. മീ. കിഴക്കു തെക്കായും മാറി കീശോൻ താഴ്‌വരയിൽ സ്ഥിതിചെയ്യുന്ന ഒരു പട്ടണമായിരുന്നു ജെസ്‌റീൽ. ആഹാബ് കർമ്മേലിൽ നിന്നും രഥം ഓടിച്ചു ജെസ്‌റീലിൽ എത്തുംവരെയും ഏലീയാവ് അതിനു മുമ്പിലായി ഓടിക്കൊണ്ടിരുന്നു! 40 കി.മീ. നീണ്ട ഓട്ടം!! (ഏകദേശം 25 മൈൽ). ദൈവത്തിന്റെ മാരത്തൺ!!! ദൈവത്തിങ്കലേക്കു മടങ്ങുവാൻ ദൈവം ആഹാബിനു നല്കിയ മറെറാരു മുന്നറിയിപ്പ്.

കർമ്മേൽ മുതൽ ഏലീയാവിന്റെ ശുശ്രൂഷയ്ക്കു കാററിന്റെ പ്രചണ്ഡതയും ഗതിവേഗവും കൈവരികയാണ്. ആഹാബിന്റെ മുമ്പിൽ ഓടിയ ഏലീയാവ് ഈസേബെലിന്റെ ഭീഷണി ഭയന്ന് ജെസ്‌റീലിൽ നിന്നും ബേർശേബയിലേക്ക് ഓടി. ഈ ദൂരം ഏകദേശം 95 മൈൽ ഉണ്ട് (95 + 25 = 120). ബേർശേബയിൽ നിന്നും ഒരു ദിവസത്തെ വഴി ദൂരം (20 മൈൽ) നടന്ന് മരുഭൂമിയിൽ എത്തിയ ഏലിയാവ് മരിക്കുവാനായി ഇച്ഛിച്ചു. തന്റെ ശുശ്രൂഷ — ദൈവീക പ്രമാണം യിസ്രായേലിലേക്കു മടക്കിക്കൊണ്ടുവരുന്ന ശുശ്രൂഷതന്നെ — തീർന്നു എന്ന് അവൻ ചിന്തിച്ചുകാണാം. അനന്തരം അവൻ ഉറങ്ങി. എന്നാൽ ദൂതൻ അവനെ ഉണർത്തി. കനലിന്മേൽ ചുട്ട അടയും ഒരു തുരുത്തി വെള്ളവും അവൻ തിന്നുകുടിച്ചു. വീണ്ടും ഉറങ്ങി. ദൂതൻ പിന്നേയും അവനെ ഉണർത്തി തിന്നുക കുടിക്കുക ദൂരയാത്ര ചെയ്യുവാനുണ്ടല്ലോ എന്നു പറഞ്ഞു. അവൻ തിന്നു കുടിച്ചു നീണ്ട നാല്പതു രാപകലുകൾ കൊണ്ട് ഹോരേബോളം എത്തി. സീനായി എന്ന ഹോരേബ് ബേർശേബയിൽ നിന്നും 250 മൈൽ തെക്കായി സ്ഥിതിചെയ്യുന്നു. അവിടെ അവൻ ഒരു ഗുഹയിൽ കയറി കിടന്നുറങ്ങി, യാത്ര ചെയ്ത ആകെ ദൂരം 120+250 = 370 മൈൽ. എന്നാൽ ദൈവം അവനു പ്രത്യക്ഷനായി, 'ഏലിയാവെ നിനക്കിവിടെ എന്തു കാര്യം' എന്നു ചോദിച്ചു. അതിന്റെ അർത്ഥം, ദൂരവ്യാപകമാണ്. 'നീ ദമ്മേശെഖിന്റെ മരുഭൂമിവഴിയായി മടങ്ങിപ്പോവുക' ഇതായിരുന്നു ദൈവീക നിർദ്ദേശം. ഇത് ഇംഗ്ലീഷിൽ 'നീ വന്ന വഴിയായി മടങ്ങിപ്പോവുക, അനന്തരം ദമസ്ക്കോസിന്റെ മരുഭൂമിയിലേക്കു ചെല്ലുക' എന്നാണ്. അതായത് ബേർശേബ വഴിയായി ജസ്‌റീലിൽ എത്തുക അവിടെനിന്ന് ദമസ്ക്കോസിലേക്ക് പോവുക. ഏലിയാവ് ഹോരേബിലേക്കു പോകുവാൻ അല്ല ദൈവം ഇച്ഛിച്ചത്. ബേർശേബയിൽ വച്ച് ദൂതൻ അവനോട് നിനക്കു ദൂരയാത്ര ചെയ്യുവാനുണ്ട് എന്നു പറഞ്ഞത് അക്ഷരീകമായിട്ടായിരുന്നില്ല. നിന്റെ

MGM Ministries-Article Source:
Suvisesha Nadam - Nov 1996, Vol. 10, No.11, Page 3-6, 12

(ശേഷം 12-ാം പേജിൽ)

(6 – ാം പേജിൻെറ തുടർച്ച)

ശുശ്രൂഷ തീർന്നില്ല എന്ന അർത്ഥത്തിലാണ് സംസാരിച്ചത്. എന്നാൽ അത് അക്ഷരീകമായി വ്യാഖ്യാനിച്ച ഏലിയാവിനോട് ദൈവം ഹോരേബിൽ വച്ച് മടങ്ങിപ്പോകുവാൻ ആജ്ഞാപിക്കുന്നു! ആരും പ്പാർപ്പില്ലാത്ത ഊഷര മരുഭൂമിയിൽ കിടക്കുവാനല്ല, ദമസ്കോസ് പോലെ ജനത്തിരക്കേറിയ പട്ടണത്തിൽ ഏലിയാവിനു വീണ്ടും ശുശ്രൂഷ!! അരാമിൻെറ തലസ്ഥാനനഗരമാണ് ദമസ്ക്കോസ്. ജസ്റീലിൽ നിന്നും ഏകദേശം 85 മൈൽ വടക്കു കിഴക്കായ യോർദ്ദാനും അക്കരെയാണ് ഈ സ്ഥലം. കാഠിന്യമേറിയ മൂന്നു ശുശ്രൂഷയാണ് ദൈവം ഏലിയാവിനെ ഭരമേല്പിച്ചത്. ഹസായേലിനെ അരാമിനു രാജാവായി അഭിഷേകം ചെയ്യുക. യിസ്രായേലിനു രാജാവായി യേഹൂവിനെ അഭിഷേകം ചെയ്യുക. എലീശായെ ഏലിയാവിൻെറ പിൻഗാമിയായി അഭിഷേകം ചെയ്യുക. നയതന്ത്രഭാഷയിൽ ഒന്നാമത്തേത് അട്ടിമറിയും, രണ്ടാമത്തേത് ആഭ്യന്തര കലഹവും മൂന്നാമത്തേത് അധികാര കൈമാററവുമാണ്! ഹസായേൽ അരാം രാജാവായിരുന്ന ബെൻ ഹദദിൻെറ ഒരു മിലിററി ഉദ്യോഗസ്ഥൻ ആയിരുന്നു. ഇവൻ യിസ്രായേലിൻെറ എതിരാളിയും ആയിരുന്നു, യേഹൂ യെഹോരാമിൻെറ സേനയിലെ ഒരു ജനറൽ ആയിരുന്നു. എലീശ ഒരു നാടൻ കർഷകൻ ആയിരുന്നു. ഹസായേലും യേഹൂവും നീതിമാന്മാരോ ഭക്തന്മാരോ ആയിരുന്നില്ല, മറിച്ച് നിഷ്ഠൂരന്മാരും ക്രൂരരും ആയിരുന്നു. ദൈവീക പ്രമാണത്തെ കാററിൽ പറത്തിയ രാജാക്കന്മാരെ ശിക്ഷിക്കുവാൻ ദൈവം ക്രൂരന്മാരെത്തന്നെ തെരഞ്ഞെടുത്തു.

മടങ്ങിവന്ന ഏലിയാവ് ജെസ്റീലിൽ നിന്നും 17 മൈൽ കിഴക്കു തെക്കായി യോർദ്ദാനോട് തൊട്ടു ചേർന്നു കിടക്കുന്ന ആബേൽ മെഹോലയിൽ നിന്നുള്ള എലീശയെ തൻെറ പിൻഗാമിയായി അഭിഷേകം ചെയ്തു. ശുശ്രൂഷ തികെച്ച ഏലിയാവ് എലീശയെ കൂട്ടി യോർദ്ദാൻ കടന്നു. അവിടെവച്ച് യജമാനൻെറ അഗ്നി അശ്വങ്ങളും രഥങ്ങളും ഭൂമിയിലേക്ക് ഇറങ്ങിവന്നു. ചുഴലിക്കാററിൽ (ചുഴലിക്കാററിൻെറ വേഗത്തിൽ) അവൻ മേല്പോട്ട് എടുക്കപ്പെട്ടു, മതി യഹോവെ മതി മരിച്ചാൽ മതി എന്നു കരഞ്ഞ ഏലിയാവ് രൂപാന്തര ശരീരിയായി മരണം ആസ്വദിക്കാതെ നിത്യതയിലേക്ക് പറന്നുയർന്നു.

എന്നാൽ ഏലിയാവിനെ രഥത്തിൽ കയററാതെ ഓടിച്ചുപോയ ആഹാബ് തൻെറ ഓട്ടത്തിൻെറ അവസാനത്തിൽ യുദ്ധക്കളത്തിൽവച്ച് അമ്പേററ് രഥത്തിൽ ചുരുണ്ടുവീണ് അധമനായി മരിച്ചു. കാററിൻെറ വേഗത്തിൽ ഓടിയ ഏലിയാവ് കൊടുങ്കാററിൻെറ വേഗതയിൽ സ്വർഗ്ഗോന്നതങ്ങളിലേക്ക് എടുക്കപ്പെട്ടു. ദൈവം യിസ്രായേലിനു മോശെയിലൂടെ പ്രമാണം സീനായിയിൽ വച്ചു നല്കി. 'അഗ്നിമയമായൊരു പ്രമാണം' എന്നായിരുന്നു ഇതു വിളിക്കപ്പെട്ടത് (ആവ. 33: 2). ആ പ്രമാണത്തെ യിസ്രായേലിൽ പുനഃസ്ഥാപിക്കുവാനായി ഏലിയാവ് സ്വയം ഒരു അഗ്നിജ്വാലയായി മാറി. അങ്ങനെയുള്ളവനെ ബഹുമാനിപ്പാനായി യജമാനൻ അഗ്നി അശ്വങ്ങളെയും അഗ്നി രഥങ്ങളെയും അയച്ചുകൊടുത്തു. ശേഷം ചിന്ത്യം.

ഒരു തലമുറയിൽ ജീവിച്ചിരുന്ന വിരുദ്ധ ശക്തികളുടെ പ്രതിനിധികളായിരുന്നു ആഹാബും ഏലിയാവും. ഇന്നും ഇതു തുടരുകയാണ്. ബാലിൻെറ പൂജയും അശേരയുടെ പ്രതിഷ്ഠയും മററു ചില രൂപത്തിൽ ഇന്നും പ്രബലമായിക്കൊണ്ടിരിക്കുന്നു. ആഹാബും ഈസേബെലും ഈ ആരാധനയ്ക്കു തീ കൊളുത്തുമ്പോൾ ഒരു ഏലിയാവ് ഇനിയും നിയോഗിക്കപ്പെട്ടിട്ടില്ല എന്നു വരുമോ?

MGM Ministries-Article Source: Suvisesha Nadam - Nov 1996, Vol. 10, No.11, Page 3-6, 12

— പാസ്റ്റർ സണ്ണി പി. സാമുവൽ